**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**
**തിരുവനന്തപുരം**

വിഷയം: ആ.വ.ഡ-ജീവനക്കാര്യം:- സ്പെഷ്യാലിറ്റി കേഡർ- ഡോ, സൗമ്യ.വി, ജൂനിയർ കൺസൾട്ടന്റ് (പീഡിയാട്രിക്സ്) നിയമന ഉത്തരവിനായി കാത്തിരുന്ന 10.07.2022 മുതൽ 15.07.2022 വരെയുള്ള കാലയളവ് ഡ്യൂട്ടിയായി ക്രമപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1. ഉത്തരവ് നം. ഇഎ1-11076/2022/ആ.വ.ഡ തീയതി 14.07.2022
2. കത്ത് നം. എ1-15665/2022/ജി.മെ.ആ(ആ) കണ്ണൂർ തീയതി 01.10.2022

**ഉത്തരവ് നം. ഇ.എ1- 4341/2022/ആ.വ.ഡ തീയതി 03.12.2022**

ആരോഗ്യവകുപ്പിൽ പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൾട്ടന്റായിരുന്ന ഡോ. സൗമ്യ.വി, ഉപരിപഠനാർത്ഥമുള്ള ശൂന്യവേതനാവധിയ്ക്കു ശേഷം നിയമന ഉത്തരവിനായി കാത്തിരുന്ന കാലയളവ് ക്രമപ്പെടുത്തി ഉത്തരവാകണമെന്ന് ആവശ്യപ്പെട്ട് പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

ഡോ. സൗമ്യ.വിയ്ക്ക് ഉപരി പഠനത്തിനായി 10.07.2020 മുതൽ 09.07.2022 വരെ അനുവദിച്ച ശൂന്യവേതനാവധിയ്ക്ക് ശേഷം പുനർ നിയമനത്തിനായി അപേക്ഷ സമർപ്പിക്കുകയും പരാമർശം (1) പ്രകാരം 14.07.2022 നു നിയമന ഉത്തരവ് നൽകുകയും ടിയാരി കണ്ണൂർ പഴയങ്ങാടി താലൂക്ക് ആശുപത്രിയിൽ 16.07.2022 പൂർവ്വാഹ്നത്തിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു.

മേൽ സാഹചര്യത്തിൽ പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൾട്ടന്റായ ഡോ. സൗമ്യ.വി ഉപരിപഠനാർത്ഥമുള്ള ശൂന്യവേതനാവധിയ്ക്കു ശേഷം നിയമന ഉത്തരവിനായി കാത്തു നിന്ന 10.07.2022 മുതൽ 15.07.2022 വരെയുള്ള കാലയളവ് കേരള സർവ്വീസ് ചട്ടങ്ങളിലെ ഭാഗം 1ലെ, ചട്ടം 12(7) നു ചുവടെയുള്ള കുറിപ്പ് (4) പ്രകാരം ഡ്യൂട്ടിയായി ക്രമപ്പെടുത്തി ഉത്തരവാകുന്നു.

മെഡിക്കൽ ആഫീസറും സ്ഥാപന മേധാവികളും ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് ഔദ്യോഗിക ആവശ്യങ്ങൾക്കായി ഉപയോഗിക്കേണ്ടതാണ്.

**ഒപ്പ്**

**ഡോ. വി.മീനാക്ഷി**
**ആരോഗ്യവകുപ്പ് ഡയറക്ടർ ഇൻ ചാർജ്ജ്**

സ്വീകർത്താവ്

ഡോ. സൗമ്യ.വി, ജൂനിയർ കൺസൾട്ടന്റ് (പീഡിയാട്രിക്സ്),
താലൂക്ക് ആശുപത്രി പഴയങ്ങാടി, കണ്ണൂർ

പകർപ്പ്:

1. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
2. ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), കണ്ണൂർ
3. സൂപ്രണ്ട്, താലൂക്ക് ആശുപത്രി പഴയങ്ങാടി, കണ്ണൂർ
4. ഫയൽ/ കരുതൽ ഫയൽ

**//അംഗീകാരത്തോടെ//**

**സീനിയർ സൂപ്രണ്ട്**